# ഓൺലൈനിൽ എങ്ങനെ സുരക്ഷിതരായിരിക്കാം








മറ്റുള്ളവർ കാണരുതെന്ന് നമ്മൾ ആഗ്രഹിക്കുന്ന നമ്മുടെ ചിത്രങ്ങളും വീഡിയോകളും ആരുമായി ഷെയർ ചെയ്യാതിരിക്കുക.

ഓൺലൈനിൽ പോസ്റ്റ് ചെയ്യുന്ന എന്തും എക്കാലത്തും അവിടെ തന്നെ നിലനിൽക്കും. അത് ഡിലീറ്റ് ചെയ്താലും തിരിച്ചെടുക്കാൻ പറ്റുന്നവയാണ്.

ഓൺലൈനിൽ വെളിപ്പെടുത്തുന്ന വിവരങ്ങൾ പരിമിതപ്പെടുത്തുക, പ്രത്യേകിച്ച് ഭാവിയിൽ നടക്കാൻ പോകുന്ന കാര്യങ്ങളും വ്യക്തിപരമായ വിവരങ്ങളും.

അപരിചിതരിൽ നിന്നും ഫ്രണ്ട് റിക്വസ്റ്റുകൾ സ്വീകരിക്കുകയോ അവരെ നേരിൽ കാണാൻ ശ്രമിക്കുകയോ ചെയ്യരുത്. അത് വലിയ അപകടത്തിലേക്ക് നയിക്കും.

വീഡിയോ കോളുകളും ഡിസപ്പിയറിങ് ചാറ്റുകളും റെക്കോർഡ് ചെയ്യപ്പെടാം.

ഒരു ഗാഡ്ജറ്റിന്റെ മറവിൽ ഇരുന്ന് നിങ്ങളെ ഭീഷണിപ്പെടുത്തുന്നയാൾ ഭീരുവാണ്. നിങ്ങൾ സഹായം തേടുമ്പോൾ തന്നെ നിങ്ങളുടെ ഉള്ളിലെ ഭയം ഇല്ലാതാവും.

സൈബർ ഭീഷണി എന്നത് ശിക്ഷാർഹമായ ഒരു കുറ്റകൃത്യമാണ്.

പാസ്‌വേർഡും പ്രൈവസി സെറ്റിംഗ്സുകളും ശക്തമാക്കുക. അവ മറ്റുള്ളവരുമായി ഷെയർ ചെയ്യാതിരിക്കുക.

ഓൺലൈൻ ഗെയിമുകളിൽ വ്യക്തിപരമായ വിവരങ്ങൾ നൽകാതിരിക്കുക. അതോടൊപ്പം തന്നെ അപരിചിതരുമായി ഓൺലൈനിൽ സൗഹൃദ ബന്ധങ്ങൾ സ്ഥാപിക്കാതിരിക്കുക.

വിവരങ്ങൾ ഫോർവേഡ് ചെയ്യുന്നതിനു മുൻപ് അത് ശരിയാണെന്നു ഉറപ്പു വരുത്തുക.

ഫോട്ടോകളോ വിട്ടുവീഴ്ചകളോ ആവരുത് നമ്മുടെ സ്നേഹബന്ധങ്ങളുടെ അടിസ്ഥാനം.

കുട്ടികൾ ഓൺലൈനിൽ എന്തുചെയ്യുന്നു എന്നതിനെപ്പറ്റി മാതാപിതാക്കൾ ബോധവാന്മാരായിരിക്കുക.

വിദ്വേഷം പരത്തുന്ന പോസ്റ്റുകൾ ഷെയർ ചെയ്യാതിരിക്കുക.

ഓൺലൈനിൽ ചൂഷണം നേരിട്ടാൽ, മെസ്സേജുകൾ ഡിലീറ്റ് ചെയ്യുകയോ അക്കൗണ്ട് ഉപേക്ഷിക്കുകയോ ചെയ്യാതെ അവയെ തെളിവിനായി സൂക്ഷിക്കുക.

NO

**ഭീഷണിക്ക് വഴങ്ങാതിരിക്കുക.**
**ഉടൻതന്നെ സഹായം തേടുക.**

ഓൺലൈനിൽ ലൈംഗികചുവയുള്ള മെസ്സേജുകളും ചാറ്റുകളും ബ്ലോക്ക് ചെയ്യുക.

**REACH OUT WHEN IN TROUBLE: Bodhini : 8891320005**

For more information, Visit **https://www.bodhini.in**

BODHINI
*Freedom From Fear*